<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4452**</u> <u>**10-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കുറ്റ്യാടി മണ്ഡലത്തിലെ കൃഷി ഭവനുകളിലെ നിയമനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര ജീവനക്കാരുടെ ഒഴിവ് നിലവിൽ ഉണ്ടെന്ന് തസ്തിക സഹിതം അറിയിക്കാമോ; | (ബി) | അഗ്രിക്കൾച്ചർ ഓഫീസർമാരുടെ 3 ഒഴിവുകളും അഗ്രിക്കൾച്ചർ അസിസ്റ്റൻറുമാരുടെ 16 ഒഴിവുകളും നിലവിലുണ്ട്. |
| (സി) | ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (സി) | ഒഴിവുള്ള തസ്തികകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പി.എസ്.സി. നിയമനം വൈകാൻ സാധ്യത ഉണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അടിയന്തര നിയമനം നടത്താനുള്ള പദ്ധതി ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. നാല് അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ